"ഭരണഭാഷ-മാതൃഭാഷ"

ആസ്ഥാന കാര്യാലയം
ജയിൽ വകുപ്പ്, കേരളം
പൂജപ്പുര, തിരുവനന്തപുരം-12
:0471-2342532
:keralaprisons@gov.in
തീയതി : 06-10-2023

**കേരള പ്രിസൺസ് &**
**കറക്ഷണൽ സർവ്വീസസ്**

സർക്കുലർ നം 36

ബഹ:കോടതികളുടെ ഉത്തരവ് പ്രകാരം റിമാന്റ് ചെയ്തു വരുന്ന പ്രതികളുടെ കോവിഡ് പരിശോധന സർട്ടിഫിക്കറ്റ് അഡ്മിഷൻ സമയത്ത് ഹാജരാക്കണമെന്ന സർക്കാർ നിർദ്ദേശം പാലിച്ചുവരുന്നുണ്ടെന്നും ചില പോലീസ് സ്റ്റേഷനുകളിൽ നിന്നും പ്രതികളെ അഡ്മിഷൻ കൊണ്ടുവരുമ്പോൾ 4 മണിക്ക് ശേഷം ആശുപത്രിയിൽ കോവിഡ് ടെസ്റ്റ് ഇല്ലാത്തതിനാൽ കോവിഡ് പരിശോധന സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നില്ലായെന്നും രാത്രിയിലും വൈകുന്നേരങ്ങളിലും കോവിഡ് പരിശോധന നടത്താതെ അഡ്മിഷനായി പ്രതികളെ കൊണ്ടു വരുമ്പോൾ കോവിഡ് ടെസ്റ്റ് റിസൾട്ടുമായി ബന്ധപ്പെട്ട വിഷയം സംസാരിക്കുമ്പോൾ പോലീസുദ്യോഗസ്ഥരും ജയിലുദ്യോഗസ്ഥരും തമ്മിൽ വാക്ക്തർക്കമുണ്ടാകുന്നത് നിത്യസംഭവമായിത്തീർന്നിരിക്കുകയാണെന്നും ആയതുകാരണം ഡ്യൂട്ടി ചെയ്യാൻ ജയിൽ ഗാർഡ് ഓഫീസർമാർക്ക് മാനസികമായി ബുദ്ധിമുട്ടുണ്ടാകുന്ന സാഹചര്യം നിലവിലുണ്ടെന്നും ടി സാഹചര്യത്തിൽ കോവിഡ് പരിശോധനാ ഫലം നിർബന്ധമാക്കേണ്ടതുമായി ബന്ധപ്പെട്ട വ്യക്തമായ മാർഗ്ഗനിർദ്ദേശം ലഭ്യമാക്കണമെന്നും കോട്ടയം ജില്ലാ ജയിൽ സൂപ്രണ്ട് അപേക്ഷിക്കുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ കോവിഡ് വ്യാപനത്തിനുള്ള സാഹചര്യത്തെയും, ജയിലിലെ സാഹചര്യങ്ങളെയും കുറിച്ച് വിലയിരുത്തലുകൾ നടത്തി അഭിപ്രായം രേഖപ്പെടുത്തുന്നതിന് മേഖലാ ജയിൽ ഡി.ഐ.ജി മാർക്ക് നിർദ്ദേശം നൽകുകയുണ്ടായി.

സർക്കാർ കോവിഡ് മാനദണ്ഡങ്ങൾ പൂർണ്ണമായും പിൻവലിച്ച സാഹചര്യത്തിൽ പുതുതായി ജയിലിൽ പ്രവേശിക്കപ്പെടുന്ന തടവുകാർക്ക് കോവിഡ് പരിശോധന സർട്ടിഫിക്കറ്റ് നിർബന്ധമാക്കേണ്ടതില്ലെന്നും ജയിലുകളിൽ പുതുതായി അഡ്മിഷൻ വരുന്ന റിമാൻഡ് പ്രതികളെയും ശിക്ഷാ പ്രതികളെയും ജയിൽ ട്രാൻസ്ഫർ ആയി വരുന്ന അന്തേവാസികളേയും ജയിലുകളിൽ ഒരു നിശ്ചിത കാലയളവിൽ പ്രത്യേക നിരീക്ഷണത്തിൽ പാർപ്പിച്ച ശേഷം രോഗ ലക്ഷണങ്ങളോ അസുഖങ്ങളോ ഇല്ലായെന്ന് ഉറപ്പുവരുത്തി, മറ്റ് ബ്ലോക്കുകളിലേക്ക് മാറ്റിപാർപ്പിക്കുന്ന രീതി അവലംബിക്കാമെന്ന് മേഖലാ ഡിഐജി മാർ അഭിപ്രായപ്പെട്ടിരിക്കുന്നു.

ആയതിനാൽ, കോവിഡ് മാനദണ്ഡങ്ങൾ പൂർണ്ണമായും പിൻവലിച്ച സാഹചര്യത്തിൽ, വ്യക്തമായ മാർഗ്ഗ നിർദ്ദേശം ടി വിഷയത്തിൻമേൽ ബഹ: സർക്കാരിൽ നിന്നും ലഭ്യമാകുന്നത് വരെ പുതുതായി ജയിലിൽ പ്രവേശിക്കപ്പെടുന്ന തടവുകാർക്ക് കോവിഡ് പരിശോധന സർട്ടിഫിക്കറ്റ് നിർബന്ധമാക്കേണ്ടതില്ലെന്നും ജയിലുകളിൽ പുതുതായി അഡ്മിഷൻ വരുന്ന റിമാൻഡ് പ്രതികളെയും ശിക്ഷാ പ്രതികളെയും ജയിൽ ട്രാൻസ്ഫർ ആയി വരുന്ന അന്തേവാസികളേയും ജയിലുകളിൽ ഒരു നിശ്ചിത കാലയളവിൽ പ്രത്യേക നിരീക്ഷണത്തിൽ പാർപ്പിച്ചശേഷം രോഗലക്ഷണങ്ങളോ അസുഖങ്ങളോ ഇല്ലായെന്ന് ഉറപ്പുവരുത്തി, മറ്റ് ബ്ലോക്കുകളിലേക്ക് മാറ്റിപാർപ്പിക്കുന്ന രീതി അവലംബിക്കാവുന്നതാണ്. ടി വിഷയത്തിൽ സർക്കാർ തലത്തിൽ എടുക്കുന്ന തീരുമാനങ്ങൾക്കനുസരിച്ച് നടപടി സ്വീകരിക്കാവുന്നതുമാണ്.

വിനോദ് കുമാർ എം കെ
ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ ഓഫ് പ്രിസൺസ് (HQ)
ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് & കറക്ഷണൽ സർവീസസസ്സ വേണ്ടി

സ്വീകർത്താവ്: എല്ലാ ജയിൽ സ്ഥാപന മേധാവികൾക്കും

പകർപ്പ്: 1) ഡി.ഐ,ജി ഓഫ് പ്രിസൺസ് & കറക്ഷണൽ സർവ്വീസസ്,
ഉത്തര മേഖല/മദ്ധ്യമേഖല/ദക്ഷിണ മേഖല

2) ഓഫീസ് പകർപ്പ്/കരുതൽ ശേഖരം